പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2983

07.11.2019-ൽ മറുപടിക്ക്

**പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ ഡ്രെയിനേജ് കവറിംഗ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പിലാത്തറ- പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എന്തെങ്കിലും പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ജോലികൾ പൂർത്തീകരിച്ചു. പുതുതായി ഉൾപ്പെടുത്തിയ രണ്ട് പദ്ധതികളായ<br>1. രാമപുരത്തെ പഴയ പാലത്തിന്റെ രണ്ട് വശത്തേയും സമീപ പാതകൾ പുതുക്കി പണിയാൻ ഉള്ള പദ്ധതി.<br>2. രാമപുരത്തെ അധികമുള്ള സ്ഥലത്ത് ഉദ്യാനവും, ഇരിപ്പടങ്ങളും, ഭക്ഷണശാലയും, തുറന്ന വേദിയും നിർമ്മിക്കാനുള്ള പദ്ധതി. എന്നിവ നവംബർ മാസത്തിൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത റോഡിൽ എത്ര കി.മീ ഡ്രെയിനേജാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അതു പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത റോഡിൽ 21.670 കി.മീ ഡ്രൈനേജ്-ൽ ഉൾപ്പെടുത്തിയതിൽ 19.600 കി.മീ പ്രവൃത്തികൾ തീർന്നിട്ടുണ്ട്. |
| (സി) | ഡ്രെയിനേജ് പലയിടത്തും കവറിംഗ് നടത്താത്തതിനാൽ ഉണ്ടാകുന്ന അപകട സാധ്യത കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 4.90 കി.മീ ദൂരത്തിൽ മാത്രമാണ് കവർ സ്ലാബ് നൽകുന്നതിന് ഉദ്ദേശിച്ചിരുന്നത്. തുടർന്ന് കവർ സ്ലാബ് ഇല്ലാത്തത് മൂലമുള്ള അപകട സാധ്യത കണക്കിലെടുത്ത് എസ്റ്റിമേറ്റിലുള്ളതിനേക്കാളും മൂന്ന് മടങ്ങോളം, അതായത് 15.6 കി.മീ ദൂരത്തിൽ കവർ സ്ലാബ് നൽകുകയുണ്ടായി. നിലവിൽ വർക്ക് പൂർത്തീകരിക്കുകയും ആയതിന്റെ ഡിഫക്റ്റ് ലയബിലിറ്റി കാലാവധി അവസാനിക്കുകയും ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ